ഭരണഭാഷ – മാതൃഭാഷ

## സംസ്ഥാന ആസൂത്രണ ബോർഡ്

നമ്പർ. പി.പി.2./457/2018 /എസ്.പി.ബി.

പദ്ധതി പ്രചരണ വിഭാഗം
തിരുവനന്തപുരം
തീയ്യതി.26/03/2022

## സർക്കുലർ

വിഷയം – സംസ്ഥാന ആസൂത്രണ ബോർഡ് – പദ്ധതി പ്രചരണ വിഭാഗം – സ്ഥിരം/ താൽക്കാലികം/ കോൺട്രാക്റ്റ് ജീവനക്കാർക്ക് നൽകുന്ന ഐഡന്റിറ്റി കാർഡ് തിരികെ ഏൽപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന :- 20/2/2021ലെ ഇതേ നമ്പർ സർക്കുലർ

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാന ആസൂത്രണ ബോർഡിലെ ജീവനക്കാർക്ക് വിതരണം ചെയ്യുന്ന ഐഡന്റിറ്റി കാർഡ്, ടി. ജീവനക്കാർ സ്ഥലം മുഖേന മറ്റ് ഓഫീസുകളിലേക്ക് പോകുമ്പോഴും, വിരമിക്കുമ്പോഴും, താൽക്കാലിക/കരാർ കാലാവധി പൂർത്തിയായി ഓഫീസിൽനിന്നും പോകുന്ന സമയത്ത്, തിരികെ ഏൽപ്പിക്കണമെന്നത് സംബന്ധിച്ച് എല്ലാ ഡിവിഷനുകൾക്കും/ സെക്ഷനുകൾക്കും സൂചന പ്രകാരം സർക്കുലർ നൽകിയിരുന്നു. എന്നാൽ ഈ ഓഫീസിൽ നിന്നും മാറി പോകുന്ന ജീവനക്കാർ ഐഡന്റിറ്റി കാർഡ് തിരികെ ഏൽപ്പിക്കാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിൽ നിയമിക്കുന്ന എല്ലാ ജീവനക്കാരും (സ്ഥിരം/താൽക്കാലികം/കോൺട്രാക്റ്റ്) ഈ ഓഫീസിൽ നിന്നും വിടുതൽ ചെയ്ത്/വിരമിക്കൽ/കാലാവധി പൂർത്തിയാക്കി പോകുന്ന സമയത്ത് അവർക്ക് നൽകിയിരിക്കുന്ന ഐഡന്റിറ്റി കാർഡ് പദ്ധതി പ്രചരണ വിഭാഗത്തിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത് ബാദ്ധ്യത ആയി നിലനിൽക്കുന്നതാണ്. എല്ലാ ഡിവിഷൻ/സെക്ഷൻ മേധാവികളും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

ഒപ്പ്/-

ഗോപിനാഥ് .ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് :

1. വൈസ് ചെയർ പേഴ്സൺന്റെ പി.എസിന്
2. മെമ്പർ സെക്രട്ടറിയുടെ സി.എ.യ്ക്ക്
3. മെമ്പർമാരുടെ സി.എ.യ്ക്ക്
4. എല്ലാ ഡിവിഷൻ/സെക്ഷൻ മേധാവികൾക്ക്
5. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.യ്ക്ക്
6. ഫിനാൻസ് &ഇന്റേണൽ വിജിലൻസ് വിംഗ്
7. ലൈബ്രറി
8. ഐ.ടി.വിംഗ്
9. ഓഫീസ് കോപ്പി / കരുതൽ ഫയൽ

അംഗീകാരത്തോടെ

പദ്ധതി പ്രചാരണ ഓഫീസർ